പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1021 11/07/2011-ൽ മറുപടിക്ക്.

## കെട്ടിട നിർമ്മാണ തൊഴിലാളികളുടെ സുരക്ഷാ പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ ;<br>ശ്രീ. പി. സി. ജോർജ് ;<br>ശ്രീ. തോമസ് ഉണ്ണിയാടൻ ;<br>ഡോ. എൻ. ജയരാജ് ; | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) കെട്ടിട നിർമ്മാണ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ അഭിമുഖീകരിക്കുന്ന സുരക്ഷാ പ്രശ്നങ്ങൾ വ്യക്തമാക്കുമോ; | (എ) 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ക്രമീകരണങ്ങൾ ഇല്ലാതെ തൊഴിലാളികളെക്കൊണ്ട് ജോലി ചെയ്യിക്കുന്നതിനാൽ ഉണ്ടാകുന്ന അപകടങ്ങളാണ് പ്രധാനമായിട്ടുള്ളത്. അന്യസംസ്ഥാനത്ത് നിന്നും ഉള്ള തൊഴിലാളികളെ സംബന്ധിച്ച് ആരോഗ്യകരമല്ലാത്ത ചുറ്റുപാടിൽ താമസിപ്പിച്ച് ജോലി ചെയ്യിക്കുന്നതുമൂലമുള്ള ആരോഗ്യ പ്രശ്നങ്ങളും അഭിമുഖീകരിക്കുന്നുണ്ട്. |
| (ബി) ബഹുനില കെട്ടിടങ്ങളുടെ നിർമ്മാണ ജോലികളിൽ ഏർപ്പെടുന്ന വർക്ക് ലഭ്യമാക്കേണ്ട സുരക്ഷാ ക്രമീകരണങ്ങളെ സംബന്ധിച്ച് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഇറക്കിയിട്ടുണ്ടോ; | (ബി) ഇത് സംബന്ധിച്ച വ്യവസ്ഥകൾ 1998-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ചട്ടങ്ങളിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. |
| (സി) ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള നിരീക്ഷണ സംവിധാനം ഫലപ്രദമാണോ; വിശദാംശങ്ങൾ നൽകുമോ; | (സി) തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥരും ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിലെ ഉദ്യോഗസ്ഥരും നിർമ്മാണ ക്ഷേമ ബോർഡിലെ ഉദ്യോഗസ്ഥരും സംയുക്തമായി സ്ക്വാഡ് പരിശോധന നടത്തി തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് വേണ്ടി നടപടി സ്വീകരിച്ചുവരുന്നു. നൂറുദിന കർമ്മപരിപാടിയോടനുബന്ധിച്ച് 50-ഓളം കൺസ്ട്രക്ഷൻ സൈറ്റുകൾ പരിശോധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്. |

(ഡി) സുരക്ഷാ ക്രമീകരണങ്ങൾ വേണ്ടത്ര പാലിക്കാതെ കെട്ടിട നിർമ്മാണ പ്രവർത്തികളിൽ ഏർപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളെ നിരീക്ഷിച്ച് തൊഴിലാളികളുടെ സുരക്ഷാ ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ നടപടി സർക്കാർ അടിയന്തിരമായി സ്വീകരിക്കുമോ ?

(ഡി) തൊഴിൽ വകുപ്പിലെയും ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിലെയും ഉദ്യോഗസ്ഥർ സംയുക്തമായി സ്ക്വാഡ് പരിശോധന നടത്തുന്നുണ്ട്. ഗുരുതരമായ സുരക്ഷാ വീഴ്ച കണ്ടെത്തുന്ന നിർമ്മാണ സൈറ്റുകളിലെ പ്രവർത്തനം നിർത്തിവയ്ക്കുന്നതിന് നോട്ടീസ് നൽകുകയും സുരക്ഷാ നടപടികൾ പാലിച്ചതായി ബോധ്യപ്പെട്ട കേസുകളിൽ അവ പുനരാരംഭിക്കുന്നതിന് അനുവാദം നൽകിയിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ